# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2107 | 11.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃ വന്ദന യോജന പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) ആദ്യ പ്രസവത്തിന് 5000 രൂപ ധനസഹായം ലഭ്യമാക്കുന്ന മാതൃ വന്ദന യോജന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) ആദ്യ പ്രസവത്തിന് 5000/- രൂപ ധനസഹായം നൽകുന്ന പ്രധാനമന്ത്രി മാതൃവന്ദന യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 01.01.2017 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 1000, 2000, 2000 എന്നിങ്ങനെ 3 ഗഡുക്കളായി തുക അനുവദിക്കുന്നു. ഗർഭാവസ്ഥ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആദ്യഗഡുവും 6 മാസത്തിനകം ആദ്യ വൈദ്യ പരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമായാൽ 2-ാം ഗഡുവും പ്രസവശേഷം കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യുകയും ആദ്യ കുത്തിവെയ്പുകൾ പൂർത്തിയാക്കി അപേക്ഷിച്ചാൽ 3-ാം ഗഡുവും ലഭിക്കും. അങ്കണവാടി കേന്ദ്രങ്ങളിൽ നിന്ന് അപേക്ഷാഫോമുകൾ ലഭിക്കുന്നതാണ്. |
| ബി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ട അമ്മമാർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്; | ബി) കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, മേൽ/തത്തുല്യ ആനുകൂല്യം നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം ലഭിക്കുന്ന ജീവനക്കാർ ഒഴികെയുള്ള എല്ലാ ആദ്യ ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. |

| | |
|---|---|
| സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും തുക അനുവദിക്കാറുണ്ടോ; എങ്കിൽ 2019-20 ൽ എന്ത് തുകയാണ് അനുവദിച്ചത്; വിശദമാക്കാമോ? | സി) ഈ പദ്ധതിയുടെ ചെലവിന്റെ 60% തുക കേന്ദ്ര ഗവൺമെന്റാണ് നൽകി വരുന്നത്. 2019-20 ൽ കേന്ദ്ര സർക്കാർ PMMVY ബെനിഫിറ്റ് നൽകുന്നതിനായി കേന്ദ്രവിഹിതമായി 54,19,86,000/- രൂപയും Admin Expense ഇനത്തിൽ 71,06,000/- രൂപയും ഫ്ലക്സി ഫണ്ടിനത്തിൽ 6,20,00,000/- രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ